(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30-7-2014-ലെ സ.ഉ.(പി) നമ്പർ 311/2014/ധന പ്രകാരം പൊതുമരാമത്ത് വകുപ്പല്ലാതെ മറ്റ് ഏജൻസികൾ മുഖേന സർക്കാരിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 7-8-2015-ലെ 339/2015/ധന ഉത്തരവിലൂടെ PWD/CPWD/ Other cost effective methods പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന വിവിധ ഏജൻസികളെ അക്രഡിറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെൽട്രോൺ സംസ്ഥാന സർക്കാരിനുവേണ്ടി മേൽ പ്രകാരം പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന സ്ഥാപനമല്ല. ആയതിനാൽ കെൽട്രോണിനെ ഈ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്മാർട്ട് സിറ്റി പദ്ധതി

265 (632) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പൂർണ്ണമായും ഐ.ടി. മേഖലയിൽമാത്രം സേവനങ്ങൾ നൽകുന്നവ ഏതൊക്കെയെന്നും ഐ.ടി. അനുബന്ധ സേവനങ്ങൾ നൽകുന്നവ ഏതൊക്കെയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കെട്ടിടം പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അവിടെ കമ്പനികൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

266 (633) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ മാസ്റ്റർപ്ലാനിനെ അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി വിഭാവനം ചെയ്ത നിലയിൽ, ഈ സർക്കാരിന്റെ കാലയളവിൽ പുരോഗതി കൈവരിക്കാൻ സാധിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ നേരിട്ടും അല്ലാതെയും പുതുതായി എത്ര തൊഴിലുകൾ സൃഷ്ടിക്കുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്; പദ്ധതി പ്രദേശത്ത്, പുതുതായി ആരംഭിച്ച ഐ. ടി. കമ്പനികളിലൂടെ പുതുതായി നേരിട്ട് ജോലി ലഭിച്ചവർ എത്രപേരാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ നടത്തിയ നിക്ഷേപം എത്ര ; ടീകോം നടത്തിയ നിക്ഷേപം എത്ര ; എത്ര ഐ. ടി. കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 88 ലക്ഷം സ്ക്വയർ ഫീറ്റ് വരുന്ന ഐ.ടി. സ്പേസിൽ 63 ലക്ഷം സ്ക്വയർ ഫീറ്റാണ് ഐ.ടി./ ഐ.ടി.ഇ.എസ്. ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിലെ 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

(ബി) ഇല്ല. സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി തടസങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറി റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

(സി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-5-2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച.അടി നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. ഒന്നാം ഘട്ടത്തിൽ ഏകദേശം 5000 പേർക്ക് ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 85.82 കോടി രൂപയും ഭരണ ഇതര ചെലവുകൾകൂടി ചേർത്ത് 87.48 കോടി രൂപയും സ്മാർട്ട് സിറ്റിക്കായി ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപയും നൽകിയിട്ടുണ്ട്. 104 കോടി രൂപ ഒറ്റത്തവണ പാട്ടത്തുകയായി ടീകോം കമ്പനി സർക്കാരിന് നൽകിയിട്ടുണ്ട്. സ്മാർട്ട് സിറ്റിയിലെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയുള്ളൂ.

സ്മാർട്ട് സിറ്റി നിർമ്മാണം

267 (634) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റിക്കായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിൽ എത്രചതുരശ്ര അടി വിസ്തൃതിയുള്ള ഭാഗം പാട്ടത്തിന് നൽകുവാനുണ്ട് ; കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്ര ;

(ബി) ഏതെല്ലാം ഐ.ടി. കമ്പനികൾ എത്ര ചതുരശ്ര അടി വീതം കെട്ടിടം പാട്ടത്തിന് എടുത്തിട്ടുണ്ട് ; പാട്ടത്തിന്റെ നിരക്ക്, എടുത്തിരിക്കുന്ന വർഷം, ജോലി ചെയ്യാൻ കഴിയുന്ന ആളുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ; സ്ഥലം പാട്ടത്തിനെടുത്ത ഏതെങ്കിലും കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) സ്മാർട്ട് സിറ്റി പദ്ധതിക്ക് വേണ്ടി ഭൂമിയ്ക്കായി ഉൾപ്പെടെ ആകെ എത്ര കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട് ; ടീകോം കമ്പനി ചെലവഴിച്ച തുക എത്ര ; ബാങ്ക് ലോൺ എത്ര ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 6.5 ലക്ഷം സ്വയർ ഫീറ്റാണ്. അതിൽ 4.5 ലക്ഷം സ്വയർ ഫീറ്റാണ് പാട്ടത്തിന് നൽകാവുന്നത്.

(ബി) കെട്ടിടം പണി പൂർത്തിയാവുന്നതേയുള്ളൂ. അവിടെ കമ്പനികൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 85.82 കോടി രൂപയും ഭരണ ഇതര ചെലവുകൾ കൂടി ചേർത്ത് 87.48 കോടി രൂപയും സ്മാർട്ട് സിറ്റിക്കായി ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപയും നൽകിയിട്ടുണ്ട് 104 കോടി രൂപ ഒറ്റത്തവണ പാട്ടത്തുകയായി ടീകോം കമ്പനി സർക്കാരിന് നൽകിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly